"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്‌ഡഡ് സ്കൂൾ ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പുതുപൊന്നാനി എം.ഐ. എച്ച്.എസ്.എസ് ഫോർ ഗേൾസിലെ യു.പി.എസ്.ടി ശ്രീമതി ജംഷീന എം.സി. ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 34310/2023 ന്മേലുള്ള 18.10.2023 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4487/2024/GEDN തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-
1. ശ്രീമതി ജംഷീന എം.സി. സമർപ്പിച്ച 05.10.2023 ലെ ഹർജി. (എക്സിബിറ്റ് പി-7)
2. ശ്രീമതി ജംഷീന എം.സി. ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 34310/2023 ന്മേലുള്ള 18.10.2023 ലെ വിധിന്യായം.
3. മലപ്പുറം മേഖലാ ഉപമേധാവിയുടെ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) 06/01/2024-ലെ ആർഡിഡിഎച്ച്എസ്ഇ/എംഎൽപിഎം/46/2024-എച്ച് നമ്പർ കത്ത്.
4. തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08/01/2024-ലെ DEOTIR/3095/2023-ബി3 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 11/01/2024-ലെ HSE/13371/2023-Acd.A4 നമ്പർ കത്ത്.ഹർജി.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പുതുപൊന്നാനി എം.ഐ. എച്ച്.എസ്.എസ് ഫോർ ഗേൾസിലെ യു.പി.എസ്.ടി ശ്രീമതി ജംഷീന എം.സി. ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 34310/2023 ന്മേലുള്ള 18.10.2023 ലെ വിധിന്യായ പ്രകാരം ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി-7 ഹർജി പരിഗണിച്ച് ഹർജിക്കാരിയെയും മാനേജരേയും കേട്ട് തീർപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 12.1.2024 ന് കേൾക്കുകയുണ്ടായി.

**2.ഹിയറിംഗ് വേളയിലെ ഹർജിക്കാരിയുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്:-**

"ശ്രീമതി ജംഷീന എം.സി. യെ യു.പി.എസ്.എ ആയി **07/08/2017** ൽ **M.I.H.S.S girls** ൽ ശ്രീമതി നാദിറ പി.-യ്ക്ക് പ്രമോഷൻ ലഭിച്ച ഒഴിവിൽ മാനേജർ നിയമിച്ചു. തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ജംഷീനയുടെ നിയമനത്തിന് **07/08/2017** മുതൽ അംഗീകാരം നൽകി.

മേൽപ്പറഞ്ഞ സ്ക്കൂൾ മാനേജ്മെന്റിന്റെ കീഴിൽ മൂന്ന് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. **1) MIHSS PONNANI 2) MIHSS FOR GIRLS PUDU PONNANNI 3) MIUP School PONNANI.** മാനേജ്മെന്റിന്റെ കീഴിലുള്ള **MIHSS** ലെ ശ്രീമതി നമീറബീഗം എൻ.വി. **31/03/2020** ൽ വിരമിച്ചു. **01/04/2020** ൽ ഒഴിവ് നിലവിൽ വന്നു എങ്കിലും കോവിഡ്-**19** ന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയമനങ്ങൾ മരവിപ്പിച്ചിരുന്നു. അതുകൊണ്ട് നിയമനങ്ങൾ സാദ്ധ്യമായിരുന്നില്ല. ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ **01/06/2020** ൽ വന്ന ഒഴിവിൽ ശ്രീമതി ജംഷീന എം.സി. യെ **15/07/2021** മുതൽ **HSST** മാത്തമാറ്റിക്സ് ആയി മാനേജർ നിയമിച്ചു. ഹർജിക്കാരിയുടെ നിയമനം റീജിയണൽ ഉപഡയറക്ടറുടെ പരിഗണനയിലിരിക്കെ ശ്രീമതി ജംഷീന ശമ്പളം നൽകുന്നതിനായി ആവശ്യമുന്നയിച്ചു. ശമ്പളം നൽകാത്തതിനെ തുടർന്ന് സമാനസ്ഥിതിയിൽ തുടരുന്ന അദ്ധ്യാപകരുമായി ചേർന്ന് ബഹു: കേരള ഹൈക്കോടതിയിൽ **WP(C) No. 37510/2022** നമ്പർ റിട്ട് ഹർജി നൽകി. ബഹു: ഹൈക്കോടതി ഈ കേസിൽ ഇടക്കാല ഉത്തരവായി ശമ്പളം നൽകുവാൻ ഉത്തരവായി. തുടർന്ന് ലോവർ സ്കെയിലിൽ ശമ്പളം അനുവദിച്ചു. ഈ കേസ് നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

ശ്രീമതി ഷിമി ഹമീദ് ടി.പി. **Approved HSA** യും **HST** വേക്കൻസിക്ക് അവകാശവാദമുന്നയിച്ചിരുന്നു. ഹർജിക്കാരിയെ നിയമിച്ചത് ശ്രീമതി എൻ.വി. നമീറ ബീഗം **31/03/2020** ൽ വിരമിച്ച ഒഴിവിലാണ്. **01/04/2020** ൽ ശ്രീമതി ഷിമി ഹമീദ് ടി.പി. **HSST** നിയമനത്തിന് അർഹയല്ലായിരുന്നു. ശ്രീമതി ഷിമി ഹമീദ് ടി.പി. അപ്പോൾ **set qualification** പാസ്സായിരുന്നില്ല എന്ന് മാത്രമല്ല **10** വർഷം എച്ച്.എസ്.എ ക്വാളിഫിക്കേഷനും ഉണ്ടായിരുന്നില്ല. ഹർജിക്കാരി മാത്രമാണ് ടി ഒഴിവിൽ നിയമനത്തിന് യോഗ്യയായി ഉണ്ടായിരുന്നത്. തുടർന്ന് വന്ന ഒഴിവിൽ ശ്രീമതി പി.വി.നീന വിരമിച്ച ഒഴിവിൽ **31/03/2022** ൽ ശ്രീമതി ഷിമി ഹമീദ് ടി.പി. യെ **25/08/2022** മുതൽ **HSST** ആയി നിയമിക്കുകയും അവർ ജോലിയിൽ തുടരുകയുമാണ്. ഹർജിക്കാരിയുടെ നിയമനം റീജിയണൽ ഉപഡയറക്ടർ **25/05/2022** ൽ നം. **H/6018/2022/RDD/HSE/KDIS** പ്രകാരം നിരസിച്ചു. നിരസിക്കുവാനുണ്ടായ കാരണമായി പറയുന്നത് **15/07/2021** ൽ **HSST** യുടെ രണ്ട് ഒഴിവുകൾ നിലവിൽ ഉണ്ടായിരുന്നു എന്നും

അതിൽ ഒന്ന് **by transfer appointment** ഉം അടുത്തത് നേരിട്ടുള്ള നിയമനം നടത്തണം എന്നുമായിരുന്നു. കൂടാതെ സെലക്ഷൻ കമ്മിറ്റിയിൽ ഗവൺമെന്റ് പ്രതിനിധി ഉണ്ടായിരുന്നില്ല എന്നും ഈ രണ്ട് കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരിയുടെ നിയമനം നിരസിച്ചത്.

എന്നാൽ ബഹു: സുപ്രീം കോടതിയുടെ **1)** വത്സലകുമാരി **Vs** ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ **2007(4) KLT 494) (2) Girija K Vs Reshma Parayil and others 2019(2) SC C.347** കേസുകളിൽ തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾ നടത്തുമ്പോൾ ഗവ. നോമിനി ഉൾപ്പെട്ട സെലക്ഷൻ കമ്മറ്റിയുടെ ആവശ്യകതയില്ലെന്ന് ഉത്തരവുണ്ട്. ഇതിനെ തുടർന്ന് സ.ഉ.(സാധാ)നം.**247/2019**/പൊ.വി.വ തീയതി **21/01/2019** പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. മാനേജർ റീജിയണൽ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ നൽകുകയും **Appeal No.M 17/2023 dated 19/06/2023** അപ്പീലും **order No. HSE/7206/2023.Acd.A4** പ്രകാരം നിരസിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവിനെതിരെയാണ് ഹർജിക്കാരി ടി റിവിഷൻ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

ഹർജിക്കാരിയുടെ കേസിന് സമാനമായ കേസിലെ ഉത്തരവ് ഇതോടൊപ്പം ഹാജരാക്കുന്നു. സ.ഉ.(സാധാ)നം.**6138/2023**/പൊ.വി.വ തീയതി **14/10/2023.** ടി ഉത്തരവിലെ പാരാ **5** ഹർജിക്കാരിയുടെ കേസിലും ബാധകമാണ്. ഹർജിക്കാരിയുടെ കേസിൽ **HSST** മാത്തമാറ്റിക്സ് തസ്തികയിൽ ഒഴിവ് വന്നത് **01/04/2020** നും **HSST economics** തസ്തികയിൽ ഒഴിവ് വന്നത് **01/06/2021** നും ആണ്. എന്നാൽ കോവിഡ്-**19** സാഹചര്യം മൂലം ടി നിയമനങ്ങൾ സാദ്ധ്യമായിരുന്നില്ല.

**G.O.(P)16/2023/GEDN** ഉത്തരവിൽ ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി കൂടേണ്ട ആവശ്യമില്ലെന്ന് കോടതി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുള്ളതാണ്. ഹയർ സെക്കന്ററിയിലെ **HSST, HSST Junior** എന്നീ തസ്തികകളുടെ നിയമന രീതി പ്രതിപാദിച്ചിട്ടുള്ള കെ.ഇ.ആർ അദ്ധ്യായം **XXXII** ചട്ടം **4(2) 4(3)** എന്നിവ പ്രകാരവും ടി ചട്ടങ്ങളിൽ കൂടുതൽ വ്യക്തത വരുത്തികൊണ്ട് ബഹു. സുപ്രീം കോടതി **Girija K Vs Reshma Parayil and others 2019(2) sec 347** വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.

മേൽ വിവരിച്ച ചട്ടങ്ങൾ, കോടതി ഉത്തരവുകൾ എന്നിവകളിലെ വ്യവസ്ഥകൾ പാലിച്ചാണ് മേൽ **HSST** തസ്തികയിലെ തസ്തിക മാറ്റ നിയമനങ്ങൾ മാനജർ നടത്തിയിട്ടുള്ളത്. **HSST** നിയമനത്തിന് **HSST JUNIOR** ന്റെ

അഭാവത്തിൽ നിയമന സമയത്തെ (വർഷത്തെ) ഒഴിവുകൾ കണക്കാക്കി ടി ഒഴിവുകളിലാണ് 1:3 അനുപാത പ്രകാരം തസ്തിക നിയമനം നടത്തേണ്ടത്. എന്നതിനാൽ **HSST Mathematics** തസ്തികയിൽ ഒഴിവു വന്നത് **01/04/2020** നും, **HSST Economics** തസ്തികയിൽ ഒഴിവ് വന്നത് **01/06/2021** നും ആണ് എന്നത് കണക്കിലെടുത്ത് ശ്രീമതി ജംഷീന എം.സി.യുടെ **HSST Mathematics** തസ്തികയിൽ ഉള്ള നിയമനത്തിന് അംഗീകാരവും മറ്റാനുകൂല്യങ്ങളും നൽകേണ്ടതാണ്."

**3.മാനേജരുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്:-**

"പൊന്നാനി എം.ഐ ഹയർ സെക്കന്ററി സ്ക്കൂളിൽ **15/07/2021** മുതൽ എച്ച്.എസ്.എസ്.റ്റി (മാത്തമാറ്റിക്സ്) തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന നിയമിച്ച ശ്രീമതി ജംഷീന എം.സി. യുടെ നിയമനം മലപ്പുറം ഹയർ സെക്കന്ററി മേഖല ഉപമേധാവി നിരസിച്ചു. നിരസിച്ചതിന് കാരണങ്ങളായി പറയുന്നത്

(1) വ്യത്യസ്ത കാലയളവിൽ വന്ന ഒഴിവുകളാണെങ്കിലും **15/07/2021** ന് **2** എച്ച്.എസ്.എസ്.റ്റി, **1** എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നതായി കാണുന്നു. ഒന്നിൽ കൂടുതൽ ഒഴിവുകൾ ഒരുമിച്ച് നിയമനം നടത്തുമ്പോൾ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ എത്ര ഒഴിവുണ്ടെന്ന് കണക്കാക്കി **1ഃ3** അനുപാതത്തിൽ ബൈട്രാൻസ്ഫർ/നേരിട്ടുള്ള നിയമനം നടത്തേണ്ടതാണ്.

(2) ഗവഃ നോമിനി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ അല്ല നിയമനങ്ങൾ നടത്തിയിരിക്കുന്നതെന്നും കാണുന്നു. ഇതിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. ടി അപ്പീൽ നം. **M/17/2023 dated 19/6/2023 to Order No.HSE/7206/2023/Acd.A4** പ്രകാരം നിരസിക്കുകയുണ്ടായി.

ടി ഉത്തരവിനെതിരെ ഹർജിക്കാരി ഗവൺമെന്റിൽ റിവിഷൻ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. മാനേജ്മെന്റിന്റ് കീഴിലുള്ള പൊന്നാനി എം.ഐ ഹയർസെക്കന്ററി സ്ക്കൂളിൽ എച്ച്.എസ്.എസ്.റ്റി (മാത്സ്) അധ്യാപികയും പ്രിൻസിപ്പാളുമായിരുന്ന ശ്രീമതി നമീനബീഗം എൻ.വി. **31.03.2020** ന് സർവീസിൽ നിന്നും വിരമിച്ചു. പ്രസ്തുത എച്ച്.എസ്.എസ്.റ്റി (മാത്സ്) തസ്തികയിലേക്ക് **2020-21** അക്കാഡമിക് വർഷം സ്ക്കൂൾ മധ്യ വേനലവധിക്ക് ശേഷം തുറക്കുമ്പോൾ ബൈ-ട്രാൻസ്ഫർ മുഖേന പൂർണ യോഗ്യതയുള്ള ശ്രീമതി ജംഷീന എം.സി. യു.പി.എസ്.ടി യെ നിയമിക്കാൻ തീരുമാനിച്ചു. എന്നാൽ കോവിഡ് മഹാമാരി കാരണം സ്ക്കൂൾ തുറന്നു

പ്രവർത്തിക്കാത്തതിനാൽ നിയമനം നടക്കാതാവുകയും സർക്കാർ ഉത്തരവനുസരിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് Online ആയി ക്ലാസ് നടത്തുന്നതിന് ശ്രീമതി ജംഷീന എം.സി. യെ ചുമതലപ്പെടുത്തുകയും ചെയ്തു.

2021-22 അക്കാഡമിക് വർഷവും കോവിഡ് മഹാമാരി കാരണം സ്ക്കൂൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ ഗവൺമെന്റ് ഉത്തരവു പ്രകാരം 15/07/2021 മുതൽ നിയമനങ്ങൾ നടത്തുവാൻ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2020 ൽ ഉണ്ടായ എച്ച്.എസ്.എസ്.റ്റി (മാത്സ്) തസ്തികയിൽ ശ്രീമതി ജംഷീന എം.സി. യെ 15/07/2021 മുതൽ നിയമിച്ചു. 2021-2022 വർഷത്തിൽ പുതുപൊന്നാനി എം.ഐ. ഗേൾസ് ഹയർ സെക്കന്ററി സ്ക്കൂളിൽ ഉണ്ടായ എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) തസ്തികയിൽ ശ്രീമതി സെമീന സി. യു.പി.എസ്.ടി യെ ബൈ-ട്രാൻസ്ഫർ മുഖേന നിയമിച്ചു.

ഇവിടെ നടത്തിയ 2 ബൈ-ട്രാൻസ്ഫർ നിയമനങ്ങളും ഒഴിവു ഉണ്ടായ കാലഘട്ടങ്ങൾ വ്യത്യസ്തമാണ്. ബഹു: കോടതി ഉത്തരവുകളുടെയും ഗവൺമെന്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബൈ-ട്രാൻസ്ഫർ നിയമനങ്ങൾക്ക് സെലക്ഷൻ കമ്മറ്റി ആവശ്യമില്ല. അതാത് വർഷങ്ങളിൽ നിയമനം നടക്കാതായത് അന്ന് നിലനിന്നിരുന്ന കോവിഡ് 19 സാഹചര്യം മൂലമാണ് അതാത് വർഷം നിയമിച്ചിരുന്നെങ്കിൽ 2 എച്ച്.എസ്.എസ്.റ്റി മാരും സേവനത്തിൽ തുടർന്നു പോന്നിരുന്നേനെ. കോവിഡ് മഹാമാരി കാരണം സ്ക്കൂളുകൾ അടഞ്ഞുകിടന്നതു കാരണം അർഹതയുള്ള സ്ഥാനക്കയറ്റം നിഷേധിക്കുക എന്നത് സാമാന്യ നീതി നിഷേധിക്കുന്നതിന് തുല്യമാണ്.

കൂടാതെ ശ്രീമതി ജംഷീന എം.സി. ക്ക് സ്ഥാനക്കയറ്റം നല്കുകവഴി സർക്കാരിന് സാമ്പത്തിക ബാധ്യത ഒന്നും തന്നെ അധികമായി വരുന്നില്ല. പകരം നിയമിക്കപ്പെടുന്ന യു.പി.എസ്.ടി ക്ക് തുടക്ക ശമ്പളമാണ് നൽകേണ്ടിവരുക. ഹർജിക്കാരിയുടെ കേസിന് സമാനമായ കേസിലെ ഗവൺമെന്റ് ഉത്തരവ് സ.ഉ.(സാധാ)നം.6138/2023/പൊ.വി.വ തീയതി 14.10.2023 പ്രകാരം ഹർജിക്കാരിയുടെ നിയമനവും മറ്റാനുകൂല്യങ്ങളും നൽകേണ്ടതാണ്. എം.ഐ. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പൊന്നാനിയുടെ കീഴിലുള്ള സ്ക്കൂളുകളിലെ സീനിയോറിറ്റി ലിസ്റ്റ് ഡേറ്റാസ് 01/01/2024 പ്രകാരം ഇതോടൊപ്പം ചേർക്കുന്നു.

മേൽ വസ്തുതകൾ എല്ലാം പരിഗണിച്ച് 15/07/2021 മുതലുള്ള ശ്രീമതി ജംഷീന എം.സി. യുടെ എച്ച്.എസ്.എസ്.റ്റി (മാത്തമാറ്റിക്സ്) തസ്തികയിലെ നിയമനം അംഗീകരിച്ച് മറ്റാനുകൂല്യങ്ങളും നൽകേണ്ടതാണ്."

**4.വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്:-**

"മലപ്പുറം ജില്ലയിലെ എം.ഐ. എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ എം.ഐ. എച്ച്.എസ്.എസ്. പൊന്നാനി, എം.ഐ. എച്ച്.എസ്.എസ്. ഫോർ ഗേൾസ് പുതുപൊന്നാനി എന്നീ രണ്ട് ഹയർ സെക്കന്ററി സ്ക്കൂളുകളാണ് നിലവിലുള്ളത്. ഈ രണ്ട് സ്ക്കൂളുകളിലുമായി **37** എച്ച്.എസ്.എസ്.ടി തസ്തികകളും **16** എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളുമാണ് നിലവിലുള്ളത്.

ടി മാനേജ്മെന്റിന് കീഴിലുള്ള രണ്ട് ഹയർസെക്കന്ററി സ്ക്കൂളുകളിലുമായി **15/07/2021** പ്രാബല്യത്തിൽ **3** എച്ച്.എസ്.എസ്.ടി ഒഴിവുകൾ നിലവിൽ വന്നു. ആയത് ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | ഒഴിവ് വന്ന രീതി | ഒഴിവ് വന്ന തീയതി | നിയമിച്ച അ ധ്യാപകർ | നിയമന തീയതി & നിയമന രീതി |
|---|---|---|---|---|---|
| **1** | എച്ച്.എസ്.എസ്.ടി ഗണിതം (എം.ഐ എച്ച്.എസ്.എസ്) | ശ്രീമതി നമീറ ബീഗം വിരമിച്ച ഒഴിവ് | **31/03/2020** ഹർജി. | ശ്രീമതി ജംഷീന എം.സി. | **15/07/2021** ബൈട്രാൻസ്ഫർ |
| **2** | എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (എം.ഐ എച്ച്.എസ്.എസ്) | ശ്രീ.ഹരീഷ് പി.പി. വിരമിച്ച ഒഴിവ് | **31/05/2020** | ശ്രീ. ഉബൈദുള്ള പി.കെ. | **15/07/2021** അപ്ഗ്രഡേഷൻ |
| **3** | എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (എം.ഐ എച്ച്.എസ്.എസ് ഫോർ ഗേൾസ്) | ശ്രീമതി ഹാജിറാബി വിരമിച്ച ഒഴിവ് | **30/04/2021** | ശ്രീമതി സമീന സി. | **15/07/2021** ബൈട്രാൻസ്ഫർ |

മേൽ പട്ടികയിൽ കാണിച്ച പ്രകാരം ടി മാനേജ്മെന്റിന് കീഴിലുള്ള എം.ഐ എച്ച്.എസ്.എസിൽ നിന്നും **31/03/2020** ന് ശ്രീമതി നമീറ ബീഗം വിരമിച്ചത് വഴി എച്ച്.എസ്.എസ്.ടി ഗണിത ശാസ്ത്രം തസ്തികയിലും **31/05/2020** ന് ശ്രീ. ഹരീഷ് പി.പി. വിരമിച്ചത് മൂലം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് തസ്തികയിലും എം.ഐ എച്ച്.എസ്.എസ് ഫോർ ഗേൾസ് പുതുപൊന്നാനിയിൽ നിന്നും **30/04/2021** ന് ശ്രീമതി ഹാജിറാബി വിരമിച്ചത് വഴി എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് തസ്തികയിലും ഒഴിവ് നിലവിൽ വരികയുണ്ടായി. ആയത് പ്രകാരം **2020-21** അധ്യയന വർഷത്തിൽ **2**

എച്ച്.എസ്.എസ്.ടി തസ്തികയിലും 2021-22 അധ്യയന വർഷത്തിൽ । എച്ച്.എസ്.എസ്.ടി തസ്തികയുൾപ്പെടെ ആകെ 3 എച്ച്.എസ്.എസ്.ടി തസ്തികയിൽ ഒഴിവ് നിലനിൽക്കുകയും പ്രസ്തുത തസ്തികകളിൽ 15/07/2021 മുതൽ പ്രാബല്യത്തിൽ മാനേജർ നിയമനം നടത്തി അംഗീകാരത്തിനായി അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി.

മേൽ കാണിച്ചിട്ടുള്ള 3 എച്ച്.എസ്.എസ്.ടി തസ്തികകളിൽ എച്ച്.എസ്.എസ്.ടി ഗണിത ശാസ്ത്രത്തിൽ ശ്രീമതി ജംഷീന എം.സി. യെ 15/07/2021 മുതൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴിയും ഒരു ഇക്കണോമിക്സ് തസ്തികയിൽ നിലവിൽ ടി മാനേജ്മെന്റിൽ എച്ച്.എസ്.എസ്.ടി ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. ഉബൈദുള്ള പി.കെ.-യെ 15/7/2021 മുതൽ ജൂനിയറിൽ നിന്നും സീനിയറിലേക്ക് തസ്തികമാറ്റം വഴിയും രണ്ടാമത്തെ എച്ച്.എസ്.എസ്.ടി. ഇക്കണോമിക്സ് തസ്തികയിൽ ശ്രീമതി സമീന സി. -യെ 15/7/2021 മുതൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴിയും നിയമനം നൽകുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 15/7/2021-ന് നിയമിക്കപ്പെട്ട 3 എച്ച്.എസ്.എസ്.ടി. നിയമനങ്ങളും പരിശോധിച്ചതിൽ നിലവിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ ഇക്കണോമിക്സ് തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.ടി. ഇക്കണോമിക്സ് തസ്തികമാറ്റം നിയമനം നൽകപ്പെട്ട ശ്രീ. ഉബൈദുള്ള പി.കെ.യുടെ നിയമനം അംഗീകരിച്ച് നൽകുകയുണ്ടായി. മറ്റ് രണ്ട് എച്ച്.എസ്.എസ്.ടി. നിയമനങ്ങളും തസ്തികമാറ്റം നിയമനം നൽകിയത് വഴി 1ഃ3 അനുപാതം പാലിച്ചിട്ടില്ല എന്ന കാരണത്താൽ 25/10/2022, 25/5/2023 തീയതികളിൽ ഹർജിക്കാരിയായ ശ്രീമതി ജംഷീന എം.സി. യുടെ എച്ച്.എസ്.എസ്.റ്റി. ഗണിതശാസ്ത്രം ഉൾപ്പെടെയുള്ള 2 എച്ച്.എസ്.എസ്.റ്റി. തസ്തികമാറ്റം നിയമനങ്ങളും നിരസിച്ച് ഉത്തരവായി.

ശ്രീമതി. ജംഷീന എം.സി, ശ്രീമതി. സമീന സി, എന്നിവരുടെ തസ്തികമാറ്റം നിയമനം നിരസിച്ച ഉത്തരവിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും 12/9/2023 ലെ എച്ച്.എസ്.ഇ./7206/2023/എസിഡി.എ4 പ്രകാരം തീർപ്പാക്കി ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ ഹർജിക്കാരിയായ ശ്രീമതി. ജംഷീന.എം.സി. ശ്രീമതി. സമീന.സി എന്നിവരുടെ എച്ച്.എസ്.എസ്.ടി. തസ്തികകളിലെ തസ്തികമാറ്റം നിയമനങ്ങളിൽ സീനിയോരിറ്റി പരിശോധിച്ച് ഒരു തസ്തിക തസ്തികമാറ്റം മുഖേനയും ഒരു തസ്തിക നേരിട്ടും നികത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ടു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും, മേഖലാ ഉപമേധാവിയുടെയും മേൽ ഉത്തരവുകൾക്കെതിരെ ശ്രീമതി ജംഷീന എം.സി. സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ചെയ്തു.

കെ.ഇ.ആർ. അധ്യായം 32 ചട്ടം 4(2), 4(3) എന്നിവ പ്രകാരം എച്ച്.എസ്.എസ്. നിയമനത്തിനായി ആദ്യ ഒഴിവിലേക്ക് അതേ മാനേജ്മെന്റിലുള്ള യോഗ്യരായ എച്ച്.എസ്.എസ്.റ്റി. ജൂനിയർ അധ്യാപകരെ തസ്തികമാറ്റ നിയമനം മുഖേന പരിഗണിക്കണമെന്നും ഇവരുടെ അഭാവത്തിൽ അതേ മാനേജ്മെന്റിലുള്ള യോഗ്യരായ എച്ച്.എസ്.ടി/യു.പി./എൽ.പി എന്നീ വിഭാഗക്കാരെ തസ്തികമാറ്റ നിയമനത്തിനും, പൊതു വിഭാഗത്തിൽ നിന്നും നേരിട്ടുള്ള നിയമനത്തിനും യഥാക്രമം 1:3 അനുപാതത്തിൽ പരിഗണിക്കേണ്ടത് എന്ന് പറയുന്നു.

സംസ്ഥാനത്തുടനീളം കോവിഡ് മഹാമാരി നിലനിന്നിരുന്ന സാഹചര്യത്തിൽ 2020-21 അധ്യയന വർഷത്തിൽ സ്ക്കൂൾ തുറന്ന് പ്രവർത്തിക്കുകയോ അധ്യാപക നിയമനങ്ങളോ സർക്കാർ അനുവദിച്ചിരുന്നില്ല. ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 22603/2021 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം നടപ്പിലാക്കി 7/4/2022 -ലെ സ.ഉ.(സാധാ)നം.2308/2022/പൊ.വി.വ. പ്രകാരം ഉത്തരവായപ്പോൾ 2020-21-ൽ ഉണ്ടായതായ ഒഴിവിൽ നിയമനം നടക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ച സാഹചര്യത്തിലും റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ മൂലം ഉണ്ടായ ഒഴിവുകളിൽ 15/7/2021 മുതൽ നിയമിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയ സാഹചര്യത്തിലും 2020-21 ലും 2021-22 ലും ഉണ്ടായ ഒഴിവുകളിൽ 15/7/2021-ന് 1:3 അനുപാതം പാലിച്ച് മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിരിക്കയാണ്. മാത്രമല്ല സമാന വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ആരാഞ്ഞതിൽ 23/8/2022 -ലെ എസി.ഡി.എ4/242014/എച്ച്.എസ്.ഇ. കത്ത് പ്രകാരം ലഭ്യമായി. ആയത് പ്രകാരം വ്യത്യസ്ത തീയതികളിൽ വരുന്ന ഒഴിവുകളാണെങ്കിലും ഇതെല്ലാം ഒരുമിച്ച് നിയമനം നടത്തിയിരിക്കുന്നത് 15/7/2021-ൽ ആകയാൽ ഒന്നിൽ കൂടുതൽ ഒഴിവുകളിൽ ഒരുമിച്ച് നിയമനം നടത്തുമ്പോൾ ടി തസ്തികകളിൽ പ്രസ്തുത സമയത്ത് എത്ര ഒഴിവുണ്ട് എന്ന് കണക്കാക്കി 1:3 അനുപാതം തസ്തികമാറ്റം നിയമനം നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയുണ്ടായി.

ടി സാഹചര്യത്തിൽ മലപ്പുറം പൊന്നാനി എം.ഐ. എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ 2020 -ലെ വിരമിക്കൽ മൂലം ഒഴിവ് വന്ന 2

എച്ച്.എസ്.എസ്.റ്റി. തസ്തികകളും 2021-ലെ വിരമിക്കൽ മൂലം ഒഴിവ് വന്ന 1 എച്ച്.എസ്.എസ്.റ്റി. തസ്തികയും 15/7/2021 പ്രാബല്യത്തിൽ ഒന്നിച്ച് കണക്കാക്കി മേൽ ഖണ്ഡികയിൽ പറഞ്ഞത് പ്രകാരം 1:3 അനുപാതം പാലിച്ച് നിയുക്ത തസ്തികമാറ്റം നിയമനം പരിഗണിച്ചപ്പോൾ സീനിയോരിറ്റി ലിസ്റ്റിൽ രണ്ടാമതുള്ള ഹർജിക്കാരി ശ്രീമതി ജംഷീന എം.സി. യുടെ നിയമനം അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് 25/5/2023 ന് നിരസിച്ച് ഉത്തരവായിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്യുന്നു."

**5.മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.** മലപ്പുറം പുതുപൊന്നാനി എം.ഐ. എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ സ്ക്കൂളുകളിൽ 2020-ലെയും 2021-ലെയും ഒഴിവുകൾ 15.7.2021 പ്രാബല്യത്തിൽ ഒരുമിച്ച് കണക്കാക്കുന്നതിന് പകരം 2020-21, 2021-22 അധ്യായന വർഷത്തിൽ ഒഴിവുകൾ വെവ്വേറെ കണക്കാക്കി എച്ച്.എസ്.എസ്.റ്റി നിയമനങ്ങളിൽ 1:3 അനുപാതം കണക്കാക്കി ശ്രീമതി ജംഷീന എം.സി. യുടെ എച്ച്.എസ്.എസ്.റ്റി (ഗണിതം) തസ്തികയിൽ ഉള്ള നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

6.വ്യത്യസ്ത തീയതികളിൽ വരുന്ന ഒഴിവുകളാണെങ്കിലും ഇതെല്ലാം ഒരുമിച്ച് നിയമനം നടത്തിയിരിക്കുന്നത് 15/07/2021-ൽ ആകയാൽ ഒന്നിൽ കൂടുതൽ ഒഴിവുകളിൽ ഒരുമിച്ച് നിയമനം നടത്തുമ്പോൾ ടി തസ്തികകളിൽ പ്രസ്തുത സമയത്ത് എത്ര ഒഴിവുണ്ട് എന്ന് കണക്കാക്കി 1:3 അനുപാതം തസ്തികമാറ്റം നിയമനം നടത്തേണ്ടതാണ് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ മലപ്പുറം മേഖലാ ഉപമേധാവിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എം.ഐ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഹയർ സെക്കന്ററി സ്ക്കൂളുകളിൽ 2020-ലെ വിരമിക്കൽ മൂലം ഒഴിവ് വന്ന 2 എച്ച്.എസ്.എസ്.റ്റി തസ്തികകളും 2021-ലെ വിരമിക്കൽ മൂലം ഒഴിവ് വന്ന 1 എച്ച്.എസ്.എസ്.റ്റി തസ്തികയും 15/07/2021 പ്രാബല്യത്തിൽ ഒന്നിച്ച് കണക്കാക്കി 1:3 അനുപാതം പാലിച്ച് നിയുക്ത തസ്തികമാറ്റം നിയമനം പരിഗണിച്ചപ്പോൾ സീനിയോരിറ്റി ലിസ്റ്റിൽ രണ്ടാമതുള്ള ഹർജിക്കാരി ശ്രീമതി ജംഷീന എം.സി. യുടെ നിയമനം അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് മലപ്പുറം ആർ.ഡി.ഡി പ്രസ്തുത നിയമനം നിരസിച്ചത്.

7.ഹയർ സെക്കന്ററിയിലെ എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി ജൂനിയർ എന്നീ തസ്തികകളുടെ നിയമനരീതി പ്രതിപാദിച്ചിട്ടുള്ളത് യഥാക്രമം കെ.ഇ.ആർ അദ്ധ്യായം XXXII ചട്ടം 4(2), 4(3) എന്നിവിടങ്ങളിലാണ്. ആയത് ചുവടെ ചേർക്കുന്നു.

Rule 4(2) – Higher Secondary School Teacher (HSST)

(1) By transfer from Junior Lecturer in the subject concerned under the management/Higher Secondary School Teacher (Junior)

(2) In the absence of qualified hands under clause (1) above, the vacancies shall be apportioned in the ratio 1:3 between appointment by transfer and direct appointment as detailed below:

(i) (a) By transfer from High School Assistants, who possess the requisite qualifications, under the Educational Agency.

(b) In the absence of qualified persons under (a) above, by transfer from qualified Upper Primary School Assistants/Lower Primary School Assistants who possess the requisite qualification in the subject concerned, under the Educational Agency.

(ii) By direct appointment

Note : (i) When qualified persons are not available to fill up the vacancies set apart for appointment by transfer under Item 2(i) above such vacancies shall also be allotted for direct appointment.

(ii) Appointments under Item (I) above shall be made from select lists of qualified persons prepared on the basis of seniority and merit.

Rule 4(3) – Higher Secondary School Teacher (Junior)

1. (i) By transfer from qualified High School Assistants in the subject concerned under the Educational Agency.

(ii) In the absence of qualified hands under Item (i) above, by transfer from qualified Upper Primary School Assistants/Lower Primary School Assistants in the subject concerned under the Educational Agency.

2. By direct appointment

Note : (i) 25% of the total posts shall be filled up by the method specified in Item (I) above on

seniority-cum-suitability basis and 75% of such post shall be filled up by direct appointment.

(ii) When qualified persons are not available to fill up the vacancies set apart for appointment by transfer under Item (I) above, such vacancies also shall be allotted for direct appointment.

2.തുടർന്ന് മേൽ ചട്ടങ്ങളിൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് ബഹു. സുപ്രീംകോടതി Girija K Vs. Reshma Parayil and others [(2019) 2 SCC 347] കേസിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

14. We may now first look into the statutory scheme as delineated by Rule 4 of the Kerala Education Rules. The first issue is as to whether for filling up the post of Higher Secondary School Teacher, the vacancy has to be allocated as per the cadre strength. A perusal of Rule 4(2) contemplates that post of Higher secondary School Teacher is to be filled up first "by transfer from Junior Lecturer in the subject concerned under the management/Higher secondary School Teacher (Junior)". Thus, every vacancy of Higher Secondary School Teacher has to be filled up first by the transfer of Higher Secondary School Teacher (Junior) in the subject concerned. There is a purpose and object for providing a particular scheme for filling up the post of Higher Secondary School Teacher. Higher Secondary School Teacher (Junior) is also lecturer in subject concerned and the statute required that whenever post in Higher Secondary School Teacher arises, the same shall be first offered to the Junior Lecturer in the subject. Above statutory scheme serves the interests of the school, students and the teachers already serving in the institution. A Junior Lecturer working in the same subject is first choice to fill up the post, which obviates the management to take any other steps for recruitment. The second method of recruitment under Rule 4(2) begins with the words "in the absence of qualified hands under clause (1) above". Thus, recruitment under clause (2) shall be resorted to only when no qualified hands under clause (1) i.e. Junior Lecturer in the subject concerned is available. Further, the second phrase of Rule 4(2) begins with the words "the vacancies shall be apportioned in the ratio 1:3 between appointment by transfer and direct recruitment". (emphasis supplied) The clear intendment is that vacancy arising in Higher Secondary School Teacher has to be apportioned in ratio of 1:3. There is no concept of looking to the cadre of the post of Higher Secondary School Teacher while apportioning the vacancy under Rule 4(2), the cadre strength is not to be

looked into in view of the method of recruitment provided under Rule 4(2) i.e. of vacancies of Higher Secondary School Teacher is filled up first by transfer of Junior Lecturer.

15. A plain reading of the above statutory provision clearly indicates that for apportioning the vacancy, the cadre strength of the Higher Secondary School Teacher is not to be looked into to find out as to which vacancy will go to transfer or direct recruitment.

16. Above interpretation of Rule 4(2) is reinforced by looking to Rule 4(3), which deals with recruitment of Higher Secondary School Teacher (Junior). Higher Secondary School Teacher (Junior) is also to be filled up by transfer from qualified High School Assistant in the subjects concerned. In the absence of qualified hands, by transfer from qualified Upper Primary School Assistants/Lower Primary School Assistants in the subjects concerned under the Educational Agency. For filling up the posts in the subjects concerned, the direct recruitment is also provided as one mode of recruitment. Note 1, which is very relevant, provides "25% of the total posts shall be filled up by the method specified in Item (I) above on seniority-cum-suitability basis and 75% of such post shall be filled up by direct appointment". Here, Note 1, uses two expressions "total posts" and "such posts". Thus, computation of 25% and 75% is to be based on that total posts of Higher Secondary School Teacher (Junior). The language used in Note 1 when read in contradiction to Rule 4(2)(ii), the intention is clear that whereas for appointment in Higher Secondary Teacher, the vacancy shall be apportioned, whereas for filling up the post of Higher Secondary School Teacher (Junior), "total posts" are to be apportioned on the basis of cadre strength.

8.അതായത് മേൽ സുപ്രീംകോടതി വിധിന്യായം പ്രകാരം എച്ച്.എസ്.എസ്.റ്റി നിയമനത്തിനായി ആദ്യ ഒഴിവിലേയ്ക്ക് അതേ മാനേജ്മെന്റിലുള്ള യോഗ്യരായ എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപകരെ തസ്തിക മാറ്റ നിയമനം മുഖേന പരിഗണിയ്ക്കണമെന്നും ഇവരുടെ അഭാവത്തിൽ മാത്രമേ അതേ മാനേജ്മെന്റിലുള്ള യോഗ്യരായ എച്ച്.എസ്.എ, എൽ.പി/യു.പി എന്നീ വിഭാഗക്കാരെ തസ്തികമാറ്റ നിയമനത്തിനും, പൊതു വിഭാഗത്തിൽ നിന്നും നേരിട്ടുള്ള നിയമനത്തിനും യഥാക്രമം 1:3 അനുപാതത്തിൽ പരിഗണിക്കേണ്ടതുള്ളൂ എന്നും പറയുന്നു. കൂടാതെ Rule 4(2)(2) ൽ "...... the vacancies shall be apportioned in the ratio 1:3 ......." എന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ 1:3 എന്ന അനുപാതത്തിലുള്ള തസ്തികമാറ്റം :

നേരിട്ടുള്ള നിയമനം എന്ന അനുപാതം ഉപയോഗിക്കേണ്ടത് എച്ച്.എസ്.എസ്.റ്റി തസ്തികയുടെ കേഡർ സ്ട്രെങ്ത്തിലല്ല മറിച്ച് ടി തസ്തികയിൽ പ്രസ്തുത സമയത്ത് (ആ വർഷം എന്ന് തീരുമാനിക്കാവുന്നതാണ്)എത്ര ഒഴിവുണ്ടായിരുന്നു എന്ന് കണക്കാക്കിയാണ് എന്നു പറയുന്നു.

9.എന്നാൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളുടെ നിയമനത്തിന് തസ്തികമാറ്റം:നേരിട്ടുള്ള നിയമനം എന്ന അനുപാതം 25:75 എന്ന ക്രമത്തിലാണ്. **Rule 4(3) ൽ 25% of total posts shall be filled on seniority suitability basis and 75% of such posts shall be filled up by direct recruitment** എന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ നിയമനം നടത്തുമ്പോൾ മേൽ അനുപാതം (25:75) പാലിക്കേണ്ടത് ടി തസ്തികയുടെ(HSST Junior) മൊത്തം കേഡർ സ്ട്രെങ്ത് കണക്കാക്കി, നിശ്ചിത rotation പാലിച്ചു ആവണം എന്നു കോടതി പറയുന്നു. ചുരുക്കത്തിൽ എച്ച്.എസ്.എസ്.റ്റി നിയമനത്തിന് എച്ച്.എസ്.എസ്.റ്റി ജൂനിയറിന്റെ അഭാവത്തിൽ നിയമന സമയത്തെ (വർഷത്തെ) ഒഴിവുകൾ കണക്കാക്കി ടി ഒഴിവുകളിലാണ് 1:3 അനുപാതം പാലിക്കേണ്ടത് എന്നും, എന്നാൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ നിയമനത്തിന് അതേ മാനേജ്മെന്റിലെ ആ തസ്തികയുടെ കേഡർ സ്ട്രെങ്ത് (total posts) കണക്കാക്കിയാണ് 1:3 അനുപാതം പാലിക്കേണ്ടത് എന്നും കാണുന്നു."

10.ഇവിടെ എം.ഐ എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള എം.ഐ എച്ച്.എസ്.എസിൽ നിന്നും 31/03/2020 -ന് ശ്രീമതി നമീറ ബീഗം വിരമിച്ചത് വഴി എച്ച്.എസ്.എസ്.ടി ഗണിത ശാസ്ത്രം തസ്തികയിലും 31/05/2020-ന് ശ്രീ. ഹരീഷ് പി.പി. വിരമിച്ചത് മൂലം എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് തസ്തികയിലും എം.ഐ. എച്ച്.എസ്.എസ് ഫോർ ഗേൾസ് പുതുപൊന്നാനിയിൽ നിന്നും 30/04/2021 -ന് ശ്രീമതി ഹാജിറാബി വിരമിച്ചത് വഴി എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് തസ്തികയിലും വ്യത്യസ്ത തീയതികളിലാണ് ഒഴിവ് നിലവിൽ വന്നിട്ടുള്ളത്. എന്നാൽ കോവിഡ്-19 സാഹചര്യം മൂലം ടി നിയമനങ്ങൾ സാധ്യമായിരുന്നില്ല.

11.ഈ സാഹചര്യത്തിൽ ഹർജിക്കാരി ഉന്നയിച്ച പ്രകാരം 2020-ലെയും 2021-ലെയും ഒഴിവുകൾ 15/07/2021 പ്രാബല്യത്തിൽ ഒന്നിച്ച് കണക്കാക്കുന്നതിന് പകരം 2020-21, 2021-22 അധ്യയന വർഷത്തിൽ വെവ്വേറെ കണക്കാക്കി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി ജംഷീന എം.സി. യ്ക്ക് എച്ച്.എസ്.എസ്.റ്റി (ഗണിതം) തസ്തികയിൽ നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിന് മലപ്പുറം മേഖല ഉപ മേധാവിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

12.മേൽ പ്രകാരം എക്സിബിറ്റ് പി-7 ഹർജി തീർപ്പാക്കി ബഹു:ഹൈക്കോടതിയുടെ റിട്ട് ഹർജി നമ്പർ 34310/2023 മേലുള്ള 18.10.2023 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ജംഷീന എം.സി., എച്ച്.എസ്.എസ്.റ്റി. (ഗണിതം), എം.ഐ. ഹയർ സെക്കന്ററി സ്കൂൾ, പൊന്നാനി, മലപ്പുറം-679 586.
മാനേജർ, എം.ഐ. ഹയർ സെക്കന്ററി സ്കൂൾ, പൊന്നാനി & എം.ഐ. ഹയർ സെക്കന്ററി സ്കൂൾ ഫോർ ഗേൾസ്, എം.ഐ. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, പൊന്നാനി നഗരം പി.ഒ., മലപ്പുറം-679 583.
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, മലപ്പുറം-676 505.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ, മലപ്പുറം-676 101.
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (11.04.2024 ലെ ജെ.എ2/98/2024/പൊ.വി.വ. പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (A4/194/2023)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 19-07-2024 11:34:33
സെക്ഷൻ ഓഫീസർ